## കേരള സർക്കാർ

# ജലവിഭവ വകുപ്പ്

| | | | |
|---|---|---|---|
| 1. | വിൻഡോ നമ്പർ | - | ദർഘാസ് നമ്പർ ഡി.ബി. 146/2006 തീയതി 27-03-2018<br>അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>ചെറുകിടജലസേചന ഉപ വിഭാഗം ആറൻമുള.<br>പത്തനംതിട്ട. |
| 2. | പ്രവൃത്തി | - | ആറൻമുള, ചെറുകിടജലസേചന ഉപ വിഭാഗത്തിന്റെ<br>കീഴിലുള്ള തോടിന്റെ പുനരുദ്ധാരണം |
| 3. | മൊത്തം അടങ്കൽതുക | - | 1.50 ലക്ഷം |
| 4. | ദർഘാസ് പ്രമാണത്തിന്റെ വില | - | 400 + ജി എസ് റ്റി |
| 5. | നിരത ദ്രവ്യം | - | 3750 |
| 6. | ദർഘാസ് പ്രമാണം വില്പന ആരംഭിക്കുന്ന തീയതി | - | 03/04/2018 രാവിലെ 10 മണി മുതൽ |
| 7. | ദർഘാസ് പ്രമാണം വിൽക്കുന്ന അവസാന തീയതി | - | 06/04/2018 ഉച്ചയ്ക്ക് 1 മണി വരെ |
| 8. | ദർഘാസ് പ്രമാണം സ്വീകരിക്കുന്ന അവസാന തീയതി | - | 11/04/2018 ഉച്ചയ്ക്ക് 3 മണി വരെ |

ബിനു ബേബി
അസി: എക്സിക്യൂട്ടീവ് എൻജിനീയർ
ചെറുകിടജലസേചന ഉപ വിഭാഗം, ആറൻമുള.
(കേരളാ ഗവർണർക്ക് വേണ്ടി)

## കേരള സർക്കാർ

# കേരള സർക്കാർ
## ജലവിഭവ വകുപ്പ് (ചെറുകിട ജലസേചന വിഭാഗം)
## ലഘുദർഘാസ് പരസ്യം

നമ്പർ - ഡി.ബി.146/2006 തീയതി. 27/03/2018

കേരള_ജലവിഭവ വകുപ്പ് ചെറുകിട ജലസേചനം, ആറൻമുള സബ് ഡിവിഷൻ, അസി: എക്സിക്യൂട്ടീവ് എൻജിനീയർ, കേരളാ ഗവർണർക്ക് വേണ്ടി ചെറുകിട ജലസേചന വിഭാഗത്തിൽപ്പെട്ട താഴെപറയുന്ന പ്രവൃത്തികൾക്ക് കേരള ജലസേചന വകുപ്പ്/പൊതുമരാമത്ത് വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അർഹരും അംഗീകൃതരുമായ കരാറുകാരിൽ നിന്നും മത്സരസ്വഭാവമുള്ള ദർഘാസുകൾ പ്രവൃത്തികളുടെ പേര്, ആലേഖനം ചെയ്തിട്ടുള്ള കവറുകളിൽ ക്ഷണിക്കുന്നു.

## പ്രവൃത്തിയെ സംബന്ധിച്ചുള്ള വിവരങ്ങൾ

| ക്രമനമ്പർ | ദർഘാസ് നമ്പർ | പ്രവൃത്തിയുടെ വിവരങ്ങളും ഉദ്ദേശ അടങ്കൽ തുകയും | ദർഘാസ് പ്രമാണത്തിന്റെ വില | നിരത ദ്രവ്യം | പണി തീർക്കേണ്ട കാലാവധി | കരാറുകാരുടെ യോഗ്യത |
|---|---|---|---|---|---|---|
| 1 | 33/AEE/2017-18 | അയിരൂർ പഞ്ചായത്തിൽ ഇടപ്പാവൂർ വാർഡ് നം.7 ഇടപ്പാവൂർ ഏലായിൽ ചൂഴികുന്നിൽപ്പടി തോടിന്റ മടവീണ ഭാഗത്തിന്റെ പുനർ നിർമ്മാണം തുക- 1,50,000/- | 400+ ജി.എസ്.റ്റി | 3750/- | 3 മാസം | ഡിയും അതിനുമ കളിലും |

ദർഘാസ് പ്രമാണങ്ങൾ 06/04/2018-ാം തീയതി ഉച്ചയ്ക്ക് 1 മണിവരെ മേൽ നിർദേശിച്ചിട്ടുള്ള തുക ട്രഷറിയിൽ "0700-027-800-98 Other Receipt"എന്ന ഹെഡിലും 6% തുക 006-00-101-01 SGST എന്ന അക്കൗണ്ടിലും 6% തുക 8658-00-102-96-38 CGST എന്ന അക്കൗണ്ടിലും അടച്ച് രസീത് ഹാജരാക്കി രേഖാമൂലം അപേക്ഷിച്ച് വാങ്ങാവുന്നതാണ്. ദർഘാസ് സംബന്ധമായ മറ്റു വിവരങ്ങൾ ഈ ഓഫീസിൽ നിന്നും നേരിട്ട് അന്വേഷിച്ച് അറിയാവുന്നതാണ്.

ദർഘാസ് പ്രമാണങ്ങൾ 11/04/2018 -ാം തീയതി ഉച്ചയ്ക്ക് 3.00 മണിക്ക് മുമ്പായി താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥന്റെ ആഫീസിൽ നൽകേണ്ടതാണ്. പൂരിപ്പിച്ച ദർഘാസുകൾ രജിസ്റ്റേഡ് /സ്പീഡ് പോസ്റ്റിൽ ലഭ്യമാക്കേണ്ടതാണ്. നേരിട്ടോ/കോറിയർ മുഖേനയോ പ്രസ്തുത സമയത്തിന് ശേഷമോ കിട്ടുന്ന ദർഘാസുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. അവസാന ദിവസം ഏതെങ്കിലും കാരണവശാൽ സർക്കാർ പൊതു അവധി പ്രഖ്യാപിക്കുകയാണെങ്കിൽ അടുത്ത പ്രവൃത്തിദിവസം 3 മണി വരെ ദർഘാസുകൾ സ്വീകരിക്കുന്നതാണ്. അന്നേ ദിവസം വൈകിട്ട് 3.30 ന് ഹാജരായുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ താഴെ ഒപ്പിട്ടിരിക്കുന്ന ആളോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ആളോ ദർഘാസുകൾ തുറക്കുന്നതാണ്. ദർഘാസിനോടൊപ്പം നിശ്ചിത തുകയ്ക്കുള്ള നിരത ദ്രവ്യവും

200 രൂപയിൽ കുറയാത്ത തുകയ്ക്കുള്ള മുദ്രപത്രത്തിൽ പ്രാഥമിക ഉടമ്പടിയും യഥാവിധി പൂരിപ്പിച്ച് സമർപ്പിക്കേണ്ടതുമാണ്.

പ്രാഥമിക ഉടമ്പടി സമർപ്പിക്കാത്ത ദർഘാസുകൾ നിരസിക്കുന്നതാണ്. നിരത ദ്രവ്യത്തിനുള്ള ബാങ്ക് ഡ്രാഫ്റ്റുകൾ, നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റുകൾ, കിസാൻ വികാസ് പത്രങ്ങൾ മുതലായവ അസി: എക്സിക്യൂട്ടീവ് എൻജിനീയർ ചെറുകിടജലസേചന ഉപ വിഭാഗം, ആറൻമുളയുടെ പേരിൽ ബന്ധപ്പെട്ട അധികാരികൾ പ്ലഡ്ജ് ചെയ്തവ ആയിരിക്കണം.

അടിയന്തിര സ്വഭാവമുള്ള ദർഘാസ് ആകയാൽ ടെണ്ടർ കഴിഞ്ഞാലുടൻ ബന്ധപ്പെട്ട അസി:എൻജിനീയറുടെ നിർദേശാനുസരണം പ്രവൃത്തി തുടങ്ങേണ്ടതാണ്. ലേബർ കോൺട്രാക്റ്റ് സൊസൈറ്റികൾ ദർഘാസ് സമർപ്പിക്കുന്നതൊടൊപ്പം തന്നെ ജി. ഒ നമ്പർ 135/97 ലെ കോ-ഓപ്പറേറ്റീവ് തിരുവനന്തപുരം തീയതി 13/11/97 ഉത്തരവ് പ്രകാരമുള്ള അർഹത തെളിയിക്കുന്ന എല്ലാ രേഖകളുടേയും അസൽ ഉണ്ടായിരിക്കേണ്ടതാണ്. അല്ലാത്ത ദർഘാസുകൾ നിരസിക്കപ്പെടുന്നതാണ്.

ഗവ. ഉത്തരവ് ജി.ഒ.പി-84/97 തീയതി 19-08-97 ജി.ഒ.(പി) 13/98 പി.ഡബ്ല്യു.ഡി. തീയതി 21-02-98 ഉം (എം.എസ്സ്)43/99 ഐ.ആർ.ഡി. തീയതി 09-06-99 ലും പറയുന്ന എല്ലാ വ്യവസ്ഥകളും ഈ ദർഘാസിനും ബാധകമായിരിക്കും, ദർഘാസ് ഫാറം ലഭിക്കുവാൻ രേഖകളുടെ അസൽ തന്നെ ഹാജരാക്കേണ്ടതാണ്.

ബിനു ബേബി<br>
അസി: എക്സിക്യൂട്ടീവ് എൻജിനീയർ<br>
(കേരളാ ഗവർണർക്ക് വേണ്ടി)

പകർപ്പ്:-1. ചീഫ് എൻജിനീയർ,ഐ & എ,തിരുവനന്തപുരം, ദർഘാസ് ഇറിഗേഷൻ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് സമർപ്പിക്കുന്നു.

2. എക്സിക്യൂട്ടീവ് എൻജിനീയർ,എം.ഐ.ഡിവിഷൻ, പത്തനംതിട്ട,അറിവിലേക്ക്
3. അസി._എൻജിനീയർ, എം.ഐ. സെക്ഷൻ, മാരാമൺ
4. സെക്രട്ടറി, ആറന്മുള പഞ്ചായത്ത്.
5. നോട്ടീസ് ബോർഡ്.
6. ഫയൽ.